**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2805** **06-10-2025 - ൽ മറുപടിയ്ക്ക്**

**കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ.ടി. ഓഫീസർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കേരള സ്റ്റേറ്റ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡിൽ ഐ. ടി. ഓഫീസർ പാർട്ട്-1 തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്നുള്ള വിവരം ലഭ്യമാക്കാമോ; | (എ) | കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ റിക്രൂട്ട്മെന്റ് റൂൾ പ്രകാരം ബാങ്കിൽ ഐ.റ്റി. ഓഫീസർ തസ്തികയിൽ നിലവിൽ ഒരു തസ്തികയാണ് അനുവദിച്ച് നൽകിയിട്ടുള്ളത്. ടി തസ്തിക പി.എസ്.സി. മുഖേന നികത്തിയിട്ടുള്ളതാണ്. |
| (ബി) | പ്രസ്തുത തസ്തികയിലേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ടെന്നും വിശദമാക്കുമോ; | (ബി) | റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും ഒരു നിയമനം നടത്തി ഒഴിവ് നികത്തിയിട്ടുണ്ട്. 02.12.2024 മുതൽ ടി തസ്തികയിൽ, ബാങ്കിൽ ഐ.ടി. ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല. |
| (സി) | ഒഴിവുകൾ കണ്ടെത്തി കൂടുതൽ പേരെ റാങ്ക് ലിസ്റ്റിൽ നിന്നും നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ടി ലിസ്റ്റിൽ നിന്നും ഒരു നിയമനം നടത്തി ഒഴിവ് നികത്തിയിട്ടുണ്ട്. 02.12.2024 മുതൽ ടി തസ്തികയിൽ, ബാങ്കിൽ ഐ.ടി. ഓഫീസർ ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. നിലവിൽ ഒഴിവുകൾ ഒന്നും ഇല്ല. |

സെക്ഷൻ ഓഫീസർ